**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4853** | **20-07-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി എന്തൊക്കെ പദ്ധതികളാണ് രൂപീകരിക്കുന്നത് എന്ന് വിശദമാക്കാമോ? | (എ) | ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി രാജ്യത്തിന് അകത്തും പുറത്തും ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി നടത്തിയ പ്രധാന മാർക്കറ്റിംഗ് ക്യാമ്പയിനുകൾ ചുവടെ ചേർക്കുന്നു.<br><br>**രാജ്യത്തിനകത്ത് നടത്തിയ ക്യാമ്പയിനുകൾ**<br><br>• സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ<br>• കേരള ഡ്രൈവ് ഹോളിഡേ<br>• ലോംഗ് സ്റ്റേയ്സ് ഇൻ കേരള<br>• ഹോംസ്റ്റേ പ്രമോഷൻസ്<br>• ഹണിമൂൺ ഹോളിഡേയ്സ്<br>• കാരവൻ കേരള : കാരവൻ ടൂറിസം പ്രമോഷൻ<br>• ചേഞ്ച് ഓഫ് എയർ ക്യാമ്പയിൻ<br>• നാഷണൽ പാർട്ണർഷിപ്പ് മീറ്റുകൾ<br>• സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ<br>• ദേശീയ ഫെയറുകളിലെ പ്രാതിനിധ്യം<br>• ദേശീയ B2B മീറ്റുകൾ<br><br>**രാജ്യത്തിന് പുറത്ത് നടത്തിയ ക്യാമ്പയിനുകൾ**<br><br>• WTM, IMTM, BIT MILAN, TM ദുബായ് തുടങ്ങിയ അന്തർദേശീയ ടൂറിസം ഫെയറുകളിലെ പ്രാതിനിധ്യം<br>• മാഡ്രിഡ്, മിലാൻ, അബുദാബി, മസ്കറ്റ്, മനാമ, തുടങ്ങിയ റോഡ് ഷോകൾ.<br>• ഇൻറർനാഷണൽ റീ-ഓപ്പണിങ് ക്യാമ്പയിൻ<br>• ഇന്റർനാഷണൽ സോഷ്യൽ മീഡിയ ക്യാമ്പയിൻ |

സഞ്ചാരികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ കേരള ടൂറിസം മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തുന്നതിനും, കേരള ടൂറിസം വെബ് സൈറ്റ് കൂടുതൽ നവീകരിച്ച് ഉപയോഗപ്രദമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഇതിനു പുറമെ നൂതനമായ ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി 'കാരവൻ ടൂറിസം' എന്ന പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിവരികയാണ്.

കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് പുതുമയാർന്ന ഒരു ദൃശ്യ വിരുന്ന് ഒരുക്കുന്നതിലൂടെ, കേരളത്തിലെ വിനോദ സഞ്ചാര വികസനത്തിനും, വള്ളംകളി മേഖലയിൽ ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിക്കുന്നതിനും വേണ്ടി വിനോദ സഞ്ചാര വകുപ്പ് മുൻകൈയ്യെടുത്ത് ആവിഷ്കരിച്ച ചാമ്പ്യൻസ് ബോട്ട് ലീഗ് കോവിഡ് കാരണം 2 വർഷമായി മുടങ്ങിയിരുന്നുവെങ്കിലും ഈ വർഷം പൂർവ്വാധികം ഭംഗിയോടെ സെപ്റ്റംബറിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോവിഡ് കാരണം 2 വർഷമായി മുടങ്ങിയ ഓണാഘോഷ പരിപാടികൾ പൂർവ്വാധികം ഭംഗിയായി ഈ വർഷം നടത്തുന്നതിനും തീരുമാനമായിട്ടുണ്ട്.

വിദ്യാർത്ഥികളിൽ ടൂറിസം അവബോധം സൃഷ്ടിക്കുന്നതിനും സംസ്ഥാനത്തിന്റെ ടൂറിസം വളർച്ചയിൽ അവരെ ഭാഗഭാക്കാക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. ആദ്യ ഘട്ടത്തിൽ 25 ടൂറിസം ക്ലബ്ബുകളാണ് രൂപീകരിക്കുന്നത്.

സംസ്ഥാനത്ത് ടൂറിസം സാധ്യതയുള്ള പുതിയ കേന്ദ്രങ്ങൾ കണ്ടെത്തി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

ഉത്തരവാദിത്വ ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം,

| | | | |
|---|---|---|---|
| | | | ഫുഡ് ടൂറിസം എന്നിവയും വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>കൂടുതൽ വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച കേരള ട്രാവൽ മാർട്ട് രണ്ടു വർഷക്കാലം കൊവിഡ് മങ്ങലേൽപ്പിച്ച ടൂറിസം മേഖലയ്ക്ക് ഏറെ ഊർജം പകർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ